സർക്കാർ കടം

13 (401) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ എത്ര രൂപയുടെ കടം സർക്കാരിന് ഉണ്ടായിരുന്നു ;

(ബി) ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ കടം എത്ര കോടി രൂപയായി വർദ്ധിച്ചു ;

(സി) കടം വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണം എന്താണ് ?

ഉത്തരം

(എ) 10,113.54 കോടി രൂപ.

(ബി) 20,176.06 കോടി രൂപ.

(സി) വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ പണം ചെലവഴിക്കേണ്ടി വരുന്നതും റവന്യൂ വരുമാനത്തിലുണ്ടാകുന്ന കുറവും കടം വർദ്ധിക്കാൻ ഒരു പ്രധാന കാരണമാണ്. കൂടാതെ അടുത്തകാലത്തനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യവും റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിലുള്ള കുറവും ഇതിന് കാരണമാകുന്നു.

സർക്കാരിന്റെ കടബാദ്ധ്യത

14 (402) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാരിന്റെ കടബാദ്ധ്യത എത്രയായിരുന്നു ;

(ബി) ഈ ബാദ്ധ്യത ഗവൺമെന്റിന്റെ എത്ര വർഷത്തെ പ്രവർത്തന ഫലമായുണ്ടായതാണെന്ന് പറയാമോ ;

(സി) ഇപ്പോൾ ഗവൺമെന്റിന്റെ കടബാദ്ധ്യത എത്രയെന്ന് വിശദീകരിക്കുമോ ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷമുണ്ടായ കടബാദ്ധ്യത എത്രയാണ് ;

(ഇ) ഈ കടബാദ്ധ്യത ഉണ്ടാകുവാനുള്ള കാരണമെന്താണെന്ന് പറയുമോ ;

(എഫ്) മറ്റൊരു കടമെടുക്കാതെ ഈ കടം കൊടുത്ത് തീർക്കുവാനുള്ള കോശസ്ഥിതി ഗവൺമെന്റിനുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10,113.54 കോടി രൂപ.

(ബി) ഇതിൽ 4,716.79 കോടി രൂപ സംസ്ഥാനം രൂപീകൃതമായതുമുതലും 5,396.75 കോടി രൂപ 1991-92 മുതൽ 1995-96 വരെ എടുത്തിട്ടുള്ളതുമാണ്.

(സി) 31-3-2000-ൽ 20,176.06 കോടി രൂപയാണ് സർക്കാരിന്റെ പൊതുകടം.

(ഡി) 10,062.56 കോടി രൂപ.

(ഇ) സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ ക്ഷേമ നടപടികൾക്കും വേണ്ടി കൂടുതൽ പണം ചെലവഴിക്കുന്നതാണ് ഇതിനുള്ള പ്രധാനകാരണം. കൂടാതെ ഇപ്പോൾ അനുഭവപ്പെട്ടുക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യം സർക്കാരിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. ഇതും മറ്റൊരു കാരണമാണ്.

(എഫ്) ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

ആളോഹരി കടം

15 (403) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്ന തീയതിലെ കണക്കനുസരിച്ച് സംസ്ഥാനമെടുത്തിട്ടുള്ള വായ്പ എത്ര വീതമായിരുന്നുവെന്ന് പറയുമോ ;

(ബി) ഈ വർഷവും വായ്പയ്ക്ക് ഓരോ വർഷവും എന്തു തുക വീതം പലിശയിനത്തിൽ നൽകേണ്ടതായി വന്നിട്ടുണ്ട് ;

(സി) 2001 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ കടം എത്രയാകുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഡി) ഇന്നത്തെ ആളോഹരി കടം എത്ര വീതമായിരിക്കും ;

(ഇ) ഇത് സംസ്ഥാനത്തിന്റെ ആളോഹരി പലിശ ബാദ്ധ്യത എത്ര വീതമായിരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	1996 - 97	11,420.91	കോടി രൂപ
	1997- 98	12,868.14	"
	1998- 99	15,700.28	"
	1999- 2000	19,014.94	"
	2000-2001	21,846.50	"

LIBRARY ARCHIVES Kerala Legislative Assembly